(ബി) പ്രസ്തുത പരിപാടി മുഖേന സംസ്ഥാനത്ത് ആകെ എത്ര ഹെക്ടർ സ്ഥലത്ത് വനം വച്ചു പിടിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1983-84-ൽ തുടങ്ങി 1992-93-ൽ അവസാനിച്ച ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കിയ സാമൂഹ്യവനവൽക്കരണ പദ്ധതി പ്രകാരം 32.411 ഹെക്ടർ സ്ഥലത്ത് വനവൽക്കരണം നടത്തിയിട്ടുണ്ട്.

സർക്കാർ വനഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരിൽ നിന്നും വനഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടി

91 (4130) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1971-ലെ സ്വകാര്യവന (നിക്ഷേപവും കൈമാറ്റവും) നിയമപ്രകാരം സർക്കാർ വനഭൂമിയായി പ്രഖ്യാപിക്കപ്പെട്ട ഹെക്ടർ കണക്കിന് വനഭൂമി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻ ഉടമസ്ഥർക്ക് തിരിച്ചു നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) 1971-ലെ കേരള സ്വകാര്യവന (നിക്ഷേപവും കൈമാറ്റവും) നിയമം പാസ്സാക്കിയതിനുശേഷം ട്രിബ്യൂണലുകളുടെയും കോടതി മുഖേനയും സർക്കാരിൽ നിക്ഷിപ്തമായിരുന്ന എത്ര ഏക്കർ വനഭൂമി സ്വകാര്യ വ്യക്തികൾക്ക് തിരിച്ച് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഡി) കോടതി വിധികളെ തുടർന്ന് ഇനി എത്ര ഹെക്ടർ വനഭൂമി സ്വകാര്യ വ്യക്തികൾക്ക് നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) വനഭൂമി സംബന്ധമായ കേസ്സുകളിൽ സർക്കാർ പരാജയപ്പെട്ടതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(എഫ്) കോടതിയിൽ ഹാജരാക്കുന്ന രേഖകൾ വ്യാജമാണെന്ന് തെളിയിക്കുന്നതിൽ ഗവൺമെന്റ് പ്ലീഡർമാർ വരുത്തുന്ന വീഴ്ചയാണ് കേസ്സുകൾ പരാജയപ്പെടാനുള്ള കാരണമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) വ്യാജരേഖകൾ കോടതിയിൽ ഹാജരാക്കി സർക്കാർ വനഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരിൽ നിന്നും വനഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്. 1971-ലെ പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് നിയമത്തിലെ 3(2), 3 (3) പ്രകാരം കൃഷിചെയ്തിരുന്നതോ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ ഭൂമി ഭൂപരിഷ്ക്കരണ നിയമത്തിന്റെ നിർദ്ദിഷ്ട പരിധിയിൽപ്പെടുത്തി നിക്ഷിപ്തമാക്കലിൽ നിന്നും ഒഴിവാക്കി മുൻ ഉടമസ്ഥർക്ക് തിരിച്ചു നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ഈ വകുപ്പുകൾ അനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട ഭൂമിയിൽ അവകാശവാദം ഉന്നയിച്ച് ട്രൈബ്യൂണലിൽ നിന്നോ ഇതര കോടതികളിൽ നിന്നോ അനുകൂല വിധി സമ്പാദിച്ചവർക്കാണ് സ്ഥലം വിട്ടുകൊടുത്തിട്ടുള്ളത്. കോടതി വിധികളുടെ അടിസ്ഥാനത്തിൽ 11935.46 ഏക്കർ (4850.214 ഹെക്ടർ) ഭൂമി വിട്ടു കൊടുത്തിട്ടുണ്ട്. അനുകൂലവിധി ലഭിച്ചിട്ടുള്ള 1100 കേസ്സുകളിലായി ഇനി 14629.34 ഏക്കർ (5920.413 ഹെക്ടർ) ഭൂഉടമകൾക്ക് വിട്ടുകൊടുക്കാനുണ്ട്.

(സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ 11955.46 ഏക്കർ (4836.214 ഹെക്ടർ) വനഭൂമി സ്വകാര്യ ഭൂഉടമകൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്.

(ഡി) 1100 കേസ്സുകളിലായി 14629.34 ഏക്കർ (5920.413 ഹെക്ടർ) വനഭൂമി സ്വകാര്യ ഭൂഉടമകൾക്ക് വിട്ടുകൊടുക്കാനുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) സ്വീകരിച്ചിട്ടുണ്ട്. വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ സമ്പാദിച്ചിട്ടുള്ള വിധികൾക്കെതിരെ അപ്പീലുകൾ യഥാസമയം നൽകുന്നുണ്ട്. മേൽ തരത്തിൽ നഷ്ടപ്പെട്ട ഭൂമിയിൽ 2000-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഓർഡിനൻസിന്റെ പരിധിയിൽപ്പെടുന്നവ സർക്കാർ തിരിച്ചെടുത്തിട്ടുണ്ട്.

വനഭൂമി സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയ കേസുകൾ

92 (4131) ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവമേഖലയിലെ നിത്യഹരിത വനങ്ങളുടെ പ്രദേശങ്ങൾ കൃഷി ഭൂമിയാക്കി തെറ്റിദ്ധരിപ്പിച്ച് സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ;

(സി) ഇത്തരത്തിലുള്ള കേസുകളിൽ ഹൈക്കോടതി ഡിവിഷൻ ബഞ്ച് അടുത്ത കാലത്ത് സർക്കാരിന് അനുകൂലമായി വിധി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ഡി) ഫോറസ്റ്റ് ട്രൈബ്യൂണലുകളിൽ ഇതേ രൂപത്തിലുള്ള എത്ര കേസുകൾ തീർപ്പിനായി അവശേഷിക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly